KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesacitusc@gmail.com Web : www.ksfesa.com

President
Elamaram Kareem
Mob : 9400307786

General Secretary
S.Muraleekrishnapillai
Mob : 9446538432

## സർക്കുലർ 6/2019

സഖാക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 28-5-2019 (ചൊവ്വ) രാവിലെ 11.30 ന് CITU സംസ്ഥാന കമ്മിറ്റി ഓഫീസിൽ ചേർന്നു. രാവിലെ 9.30 ന് സെക്രട്ടറിയേറ്റ്യോഗം ചേർന്നു. സംസ്ഥാന പ്രസിഡന്റ് സ.എളമരം കരിം MP അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് രാഷ്ട്രീയ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും ട്രഷറർ വരവ്ചെലവ് കണക്കും അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കും ശേഷം പ്രവർത്തന റിപ്പോർട്ടും വരവ്ചെലവ് കണക്കും സംസ്ഥാന കമ്മിറ്റി അംഗീകരിച്ചു.

### അനുശോചനം

KSFE യുടെ വികസനചരിത്രത്തിൽ നവപന്ഥാവ്വെട്ടിത്തെളിച്ച 1987-ലെ നായനാർ സർക്കാരിലെ ധനമന്ത്രിയായിരുന്ന സ.വിശ്വനാഥമേനോൻ നമ്മെ വിട്ടുപിരിഞ്ഞു. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ.ജേക്കബ്ബ് ഈപ്പനെ ചെയർമാനാക്കി ഡയറക്ടർ ബോർഡ് രൂപീകരിക്കുകയും ഭദ്രതാ പദ്ധതിയിലൂടെ KSFE യെ ജനകീയവത്ക്കരിക്കുകയും ചെയ്തത് 1987-91 ലെ എൽ.ഡി.എഫ്. സർക്കാരാണ്. അന്നുവരെ ചിട്ടി ചെയ്യുന്നതിന് മാത്രം അനുമതി ഉണ്ടായിരുന്ന സ്ഥാപനത്തിന്റെ Article of Association ഉം Memorandum of Association ഉം ഭേദഗതി ചെയ്തുകൊണ്ട് സ്ഥിരനിക്ഷേപം, സുഗമനിക്ഷേപം എന്നിവ ആരംഭിക്കുകയും വായ്പകൾ നൽകാൻ അധികാരമുള്ള സ്ഥാപനമാക്കി KSFE യെ മാറ്റിത്തീർക്കുകയും ചെയ്തു. അഭിമാനകരമായ വളർച്ചയുടെ പുതിയ പടവുകളാണ്നാം പിന്നീട് ചവിട്ടികയറിയത്. KSFE യുടെ ഇന്നത്തെ ടേണോവറിന്റെ ഏതാണ്ട് പകുതിയും നിക്ഷേപ - വായ്പകളാണെന്നതും മൊത്തം വാർഷിക വരുമാനത്തിന്റെ 70% ഉം വായ്പകളിൽ നിന്നുള്ള വരുമാന മാണെന്നതും ഇത്തരുണത്തിൽ സ്മരണീയമാണ്. സ്വപ്നസുന്ദരമായ വികസനപാതയിലേയ്ക്ക് KSFE യെ നയിച്ച 1987-91 ലെ സ.ഇ.കെ.നായനാർ മന്ത്രിസഭയിലെ ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന സ. വിശ്വനാഥ മേനോന് സംസ്ഥാന കമ്മിറ്റി ആദരാഞ്ജലികൾ അർപ്പിച്ചു. മുൻ ധനമന്ത്രിയായിരുന്ന ശ്രീ.കെ.എം.മാണി, മുൻ വൈദ്യുതിമന്ത്രി ശ്രീ.കടവൂർ ശിവദാസൻ എന്നിവരുടെ നിര്യാണത്തിലും യോഗം അനുശോചനം രേഖപ്പെടുത്തി.

### തീരുമാനങ്ങൾ

1. **സ്റ്റാഫ് നോംസ് അടിയന്തിരമായി ചർച്ച ചെയ്തു തീരുമാനം ഉണ്ടാക്കുക.**

അടിയന്തിരമായി സ്റ്റാഫ് നോംസ് നിശ്ചയിക്കാൻ ഏജൻസിയെ നിശ്ചയിച്ചു കൊണ്ട് സംഘടനകളുമായി ചർച്ച ചെയ്തു നടപ്പാക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

2. **പ്രമോഷനുകൾ നടപ്പാക്കുക.**

പാർട്ട് ടൈം സ്വീപ്പർ, ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ പ്രമോഷനുകൾ അടിയന്തിരമായി നൽകണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

3. **വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റഉത്തരവുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.**

4. **ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഇടക്കാല ആശ്വാസം അനുവദിച്ച ഇടതുപക്ഷ സർക്കാരിനെയും മാനേജ്മെന്റിനെയും സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്തു. തുടർചർച്ചകൾ വിളിച്ചുചേർത്ത് എത്രയും വേഗം ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കണമെന്ന് മാനേജ്മെന്റി നോടാവശ്യപ്പെടാൻ തീരുമാനിച്ചു.

5. **ജൂൺ 17 സ. സി.ബി.സി. അനുസ്മരണദിനം**

KSFEയിലെ ജീവനക്കാരുടെ അവകാശങ്ങൾക്കും സ്ഥാപനത്തിന്റെ അടിത്തറ വിപുലീകരണ

ത്തിനും വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങളിലൂടെ KSFE സ്റ്റാഫ് അസോസിയേഷനെ തൊഴിലാളികളുടെ സമര സംഘടനയാക്കി മാറ്റിയ സ.സി.ബി.സി.യുടെ ചരമദിനം വിപുലമായ പരിപാടികളോടെ ആചരിക്കണമെന്ന് തീരുമാനിച്ചു.

ജീവനക്കാരുടെയും / ഏജന്റുമാരുടെയും / ഗോൾഡ് അപ്രൈസർമാരുടെയും കുടുംബാംഗങ്ങളുടെ കുട്ടികളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു, പരീക്ഷകളിലും പ്രൊഫഷണൽ കോഴ്സുകളിലും മറ്റു മേഖലകളിലും മെച്ചപ്പെട്ട വിജയം നേടിയവർക്ക് ആദരം നൽകണമെന്ന് തീരുമാനിച്ചു.

**6. ഫോനി ദുരിതാശ്വാസഫണ്ട്**

ഫോനി ചുഴലിക്കാറ്റ് ദുരന്തത്തിന് ഇരയായ ഒറീസയിലെ ജനങ്ങളുടെ സമാശ്വാസത്തിനായി സംഘടന ആഹ്വാനം ചെയ്ത ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് **1,94,630/-** രൂപയാണ് ജീവനക്കാർ നൽകിയത്. ദുരിതാശ്വാസനിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്ത ജീവനക്കാരെ സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു.

**7. CITU രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷം**

ട്രേഡ് യൂണിയൻ രൂപീകരണത്തിന്റെ നൂറാം വാർഷികത്തിന്റെയും സി.ഐ.റ്റി.യു. രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലിയുടെയും ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. "പ്രക്ഷോഭങ്ങളുടെയും ത്യാഗങ്ങളുടെയും നൂറുവർഷം ! വർഗഐക്യത്തിനായുള്ള സമരത്തിന്റെ 50-ാം വർഷം ! ! ഈ മുദ്രാവാക്യമുയർത്തിയാണ് നാം സുവർണ്ണ ജൂബിലി ആഘോഷിക്കുന്നത്. പൊതുമേഖലയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന തീവ്ര വലതുപക്ഷം രാജ്യത്ത് അധികാരത്തിൽ വീണ്ടും തിരിച്ചു വന്ന സാഹചര്യത്തിൽ തൊഴിലും കൂലിയും സംരക്ഷിക്കാൻ കൂടുതൽ ഐക്യത്തോടെ നമുക്ക് പോരാടാം.

**8. സംസ്ഥാന നേതൃത്വ പഠനക്യമ്പ്**

ജൂലൈ മാസത്തിൽ തിരുവനന്തപുരം EMS അക്കാഡമിയിൽ വച്ച് രണ്ടു ദിവസത്തെ സംസ്ഥാന നേതൃത്വ പഠനക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, സംസ്ഥാന വനിതാ സബ്കമ്മിറ്റിയംഗങ്ങൾ, ജില്ലാ ഭാരവാഹികൾ എന്നിവർ പങ്കെടുക്കണം. തുടർന്ന് എല്ലാ ജില്ലകളിലും രണ്ടു ദിവസത്തെ പഠനക്യാമ്പ് സംഘടിപ്പിക്കണമെന്നും തീരുമാനിച്ചു.

**KSFE യ്ക്കെതിരെയുള്ള ദുഷ്പ്രചരണത്തിൽ പ്രതിഷേധിക്കുക**

ജീവനക്കാരുടെ അർഹമായ പ്രമോഷനുകൾ മാത്രമല്ല, ശമ്പളപരിഷ്കരണവും അട്ടിമറിച്ചിട്ടാണ് UDF സർക്കാർ അധികാരം ഒഴിഞ്ഞത്. പുതിയ ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ അവതാളത്തിലാക്കുകയും ചെയ്തു. തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ മരവിപ്പിയ്ക്കപ്പെട്ട പ്രമോഷനുകൾ പുനഃസ്ഥാപിക്കുകയും പി.എസ്.സി. വെരിഫിക്കേഷനുള്ള നടപടികൾ ആരംഭിക്കുകയും അട്ടിമറിച്ച ശമ്പള പരിഷ്ക്കരണം നടപ്പാക്കുകയും ചെയ്തു. മാത്രമല്ല പുതിയ ശമ്പളപരിഷ്കരണ ചർച്ച ആരംഭിക്കുകയും ചരിത്രത്തിലെ ഏറ്റവും ഉയർന്ന തുക ഇടക്കാലാശ്വാസം അനുവദിക്കുകയും ചെയ്തു. ഈ നടപടികളുടെ ഫലമായി. ജീവനക്കാരുടെ വരുമാനത്തിൽ ശരാശരി 45% വർദ്ധനവാണ് ഉണ്ടായത്. സ്ഥലം മാറ്റ നടപടികൾ ഓൺലൈനിലൂടെ സുതാര്യവും പരാതിരഹിതവുമാക്കുന്നതിന് HRMS നടപ്പാക്കി. ജീവനക്കാരുടെ സമസ്ത സർവ്വീസ് വിവരങ്ങളും ഉൾപ്പെടുത്തി HRMS സമഗ്രമാക്കുകയാണ്. Leave Details ചേർക്കുന്നതിൽ വന്ന കാലതാമസവും അപ്രതീക്ഷിതമായി സോഫ്റ്റ് വെയറിന് സംഭവിച്ച അപാകതയും മൂലം മേയ് മാസത്തിൽ ശമ്പളം വിതരണം ചെയ്യുന്നതിന് ഒരു ദിവസം കാലതാമസമുണ്ടായി. ഒരു ദിവസമായാൽ പോലും ശമ്പളം വൈകുന്നത് ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സംഗതിയാണ്. എന്നാൽ "ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം കെ.എസ്.എഫ്.ഇ.യിൽ ശമ്പളം മുടങ്ങി." എന്ന രീതിയിൽ കോൺഗ്രസ്സിന്റെ ജയ്ഹിന്ദ് ചാനലിൽ വാർത്ത നൽകുകയാണ് സ്ഥാപനത്തിലെ ചില കുബുദ്ധികൾ ചെയ്തത്. ഇത് ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പണിയല്ല, മറിച്ച് 7000-ൽ പരം ജീവനക്കാരുടെ ആശ്രയമായ മരത്തിന്റെ തായ്‌വേര് അറക്കുന്ന നടപടിയാണ്. സ്ഥാപനത്തിന്റെ ശത്രുക്കൾ പോലും കെ.എസ്.എഫ്.ഇ.ക്കെതിരെ ഇത്തരം നെറികെട്ട പ്രവർത്തനം നടത്തിയിട്ടില്ല. സങ്കുചിത രാഷ്ട്രീയ താല്പര്യത്തിന് വേണ്ടി പൊതുമേഖലാ സ്ഥാപനത്തെ തകർക്കുന്നതിന് കൂട്ടുനിൽക്കരുത് എന്ന് മാത്രമാണ് ഇവരോട് പറയാനുള്ളത്.

**13-5-2019 ന് ബഹു. ധനമന്ത്രിയുടെ ചേംബറിൽ വച്ചു നടന്ന ട്രേഡ് യൂണിയനുകളുടെ യോഗം**

KSFEയുടെ സുവർണ്ണ ജൂബിലി, പ്രവാസിചിട്ടി എന്നിവ ചർച്ച ചെയ്യുന്നതിന് KSFE യിലെ സംഘടനാ പ്രതിനിധികളുടെ യോഗം 13.5.2019 ന് ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്നു. KSFE യുടെ അഭിമാനപദ്ധതിയായ പ്രവാസി ചിട്ടിക്ക് നല്ല പ്രതികരണമുണ്ടെന്നും മേയ് 17 ന് ലണ്ടനിൽ മുഖ്യമന്ത്രി പങ്കെടുത്ത് നടത്തുന്ന ചടങ്ങോടെ 43 യൂറോപ്യൻ രാജ്യങ്ങളിലുള്ള പ്രവാസികൾക്കും ചിട്ടിയിൽ ചേരാൻ കഴിയുമെന്നും മന്ത്രി അറിയിച്ചു.

പ്രവാസി ചിട്ടി വിജയിപ്പിക്കാൻ എല്ലാ ജീവനക്കാരുടെയും സഹകരണം ഉണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ബിസിനസ് രംഗത്ത് വിപ്ലവകരമായ മാറ്റവും സ്ഥാപനത്തിന്റെ ആധുനികവത്കരണ ത്തിൽ ചടുലമായ നീക്കങ്ങളും ഉണ്ടാകണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു. ഇടപാടുകാരുമായുള്ള സൗഹൃദം ശക്തിപ്പെടുത്തണമെന്നും ജീവനക്കാരുടെ കലാ-സാംസ്ക്കാരിക പരിപാടികൾ സംഘടി പ്പിക്കണമെന്നും അഭിപ്രായപ്പെട്ടു. സുവർണ്ണ ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനായി ഓരോ സംഘടനയിൽ നിന്നും രണ്ടുപേർ വീതം വച്ച് DGM (P&HR) കൺവീനറായി ഒരു സബ്കമ്മിറ്റി രൂപീകരിയ്ക്കാനും തീരുമാനിച്ചു. സുവർണ്ണ ജൂബിലി വർഷത്തിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം യാഥാർത്ഥ്യമാക്കണമെന്നും ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ പ്രമോഷന് അധികയോഗ്യത അടിച്ചേൽപ്പിച്ച സർക്കാർ തീരുമാനം റദ്ദു ചെയ്യണമെന്നും നാം ആവശ്യ പ്പെട്ടു. അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ധനമന്ത്രി ഉറപ്പു നൽകി.

### 28-5-2019 സുവർണ്ണ ജൂബിലി വർഷം - സബ്കമ്മിറ്റിയുടെ ആദ്യ യോഗം

സുവർണ്ണ ജൂബിലി ആഘോഷപരിപാടികൾ ആസൂത്രണം ചെയ്യാനായി രൂപീകരിച്ച സബ്കമ്മിറ്റിയുടെ ആദ്യയോഗം 28-5-2019 ന് തൃശൂരിൽ ഹെഡ് ഓഫീസിൽ വച്ച് ചേർന്നു. കമ്മിറ്റിയംഗങ്ങളെ കൂടാതെ മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് എം.ഡി.യും GM (ബിസിനസ്) ഉം പങ്കെടുത്തു.

### മാനേജ്മെന്റ് നിർദ്ദേശങ്ങൾ

1. മേഖലാതലത്തിലും സംസ്ഥാനതലത്തിലും ജീവനക്കാരുടെ കലാ-സാംസ്ക്കാരിക പരിപാടി കളും മത്സരങ്ങളും സംഘടിപ്പിക്കുക.
2. സുവർണ്ണ ജൂബിലി വർഷത്തിൽ ഒറ്റ ചിട്ടി കാമ്പയിനായി"സുവർണ്ണ ജൂബിലി ചിട്ടികൾ" ജൂൺ 2019 മുതൽ ഫെബ്രുവരി 2020 വരെ നടത്തുക. 700 കോടി ലക്ഷ്യം.(ഈ വർഷത്തെ ടെർമിനേഷൻ 400 കോടി)
3. ഒന്നാം സമ്മാനമായി 50 പവൻ സ്വർണ്ണം. 50 രണ്ടാം സമ്മാനങ്ങൾ (ഒരാൾക്ക് 5 പവൻ വീതം 250 പവൻ സ്വർണ്ണം)
4. ചിട്ടിയിൽ ചേരുന്ന എല്ലാവർക്കും സമ്മാനം. ചേരുന്ന ഓരോ കുറിയ്ക്കും ഓരോ സമ്മാനം (പ്രതീക്ഷിത ചെലവ് 12 കോടി). ഓരോ ചിട്ടിയ്ക്കും ഒരു സ്വർണ്ണ നാണയം സമ്മാനം എന്നത് ഉണ്ടാകില്ല.
5. ചിട്ടിയിൽ ചേരുന്ന എല്ലാവർക്കും ഇൻഷ്വറൻസ് പരിരക്ഷ.
6. മുടക്കമില്ലാതെ തവണ സംഖ്യ അവസാന തവണ വരെ അടയ്ക്കുന്ന വരിക്കാർക്ക് അവസാന തവണ ഒഴിവാക്കി കൊടുക്കും. (പരമാവധി 25,000/- രൂപ)
7. KSFEഹൗസിംഗ് ലോണിനും ഇൻഷ്വറൻസ് പരിരക്ഷ നൽകും.
8. സ്വർണ്ണ പണയം പദ്ധതിയിൽ ഓവർഡ്രാഫ്റ്റ് സൗകര്യം (പരമാവധി ഒരു കോടി രൂപ)

### നമ്മുടെ നിർദ്ദേശങ്ങൾ

1. KSFEയെ എക്കാലവും ജനഹൃദയങ്ങളിൽ പതിപ്പിക്കുന്ന "Unique Product" സുവർണ്ണ ജൂബിലി വർഷത്തിൽ KSFEപ്രഖ്യാപിച്ച് നടപ്പാക്കണം.
2. വിപുലമായ ഉപഭോക്തൃ സംഗമങ്ങൾ വിളിച്ചു ചേർക്കുകയും ഉപഭോക്താക്കളുടെ അഭിപ്രായ നിർദ്ദേശങ്ങൾ നമ്മുടെ പദ്ധതികളിൽ ഉൾക്കൊള്ളിക്കുകയും വേണം.
3. പ്രവാസിചിട്ടിയിലൂടെ അന്തർദേശീയ പരിസരം സൃഷ്ടിച്ച സാഹചര്യത്തിൽ സാമ്പത്തിക വിദഗ്ദ്ധരെയും NBF കമ്പനികളിലെ ഉന്നത ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സാമ്പത്തിക സെമിനാറുകൾ സംഘടിപ്പിക്കണം.
4. സുവർണ്ണ ജൂബിലി വർഷത്തിൽ KSFEജീവനക്കാരുടെ ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കണം.
5. ഈടുറ്റതും ആകർഷകങ്ങളുമായ സുവർണ്ണ ജൂബിലി ഉപഹാരം എല്ലാ ജീവനക്കാർക്കും നൽകണം.
6. KSFEയിലെ ഏജൻസി സമ്പ്രദായം സമഗ്ര പുനഃസംഘടനയ്ക്ക് വിധേയമാകണം. ഏജന്റ് എന്ന പേര് തന്നെ മാറ്റണം. 24/19 സർക്കുലറിലൂടെ ഏജന്റുമാരിലും വരിക്കാരിലും ഉണ്ടായിട്ടുള്ള ആശങ്കകൾ ഏജന്റുമാരുടെ സംഘടനയുമായി ചർച്ച ചെയ്ത് പരിഹരിക്കണം.
7. ജീവനക്കാരുടെ കലാ-കായിക-സാംസ്ക്കാരിക അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും ജീവനക്കാരുടെ ഐക്യം ശക്തിപ്പെടുത്തുന്നതിനും FESCA യെ പുനഃരുജ്ജീവിക്കണമെന്ന് ആവശ്യപ്പെട്ടു.

നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഡയറക്ടർ ബോർഡിലും ചർച്ചാ വിധേയ മാക്കുമെന്നും വീണ്ടും തുടർയോഗങ്ങൾ വിളിക്കുമെന്നും എം.ഡി. അറിയിച്ചു. യോഗം ഉച്ചകഴിഞ്ഞ് 2.30 ന് അവസാനിച്ചു.

## പോരാട്ടം തുടരുക, ഇരുളകലും.......

സയണിസ്റ്റ് ഭീകരതയുടെ നേതാവ് നെതന്യാഹു ഇസ്രായേലിൽ വീണ്ടും അധികാരത്തിലെത്തിയത്; തുർക്കിയിൽ വൻഭൂരിപക്ഷത്തിൽ ഏർദോഗൻ വീണ്ടും അധികാരം പിടിച്ചത്; ആസ്ട്രേലിയയിൽ പിൻതിരിപ്പൻ സർക്കാർ വീണ്ടും അധികാരം പിടിച്ചത്; ഇന്ത്യയിൽ തീവ്രഹിന്ദുത്വ ത്തിന്റെയും വലതുപക്ഷത്തിന്റെയും വക്താവ് മോഡി കൂടുതൽ കരുത്തോടെ വീണ്ടും അധികാരത്തിൽ തിരിച്ചെത്തിയത്; ഇവ നൽകുന്ന സൂചനകൾ വ്യക്തമാണ്. ഇതിൽ പരിഭ്രമിക്കുന്നതിന് പകരം ലോക ത്താകമാനം ഉയർന്നു വരുന്ന പ്രതിരോധ സമരങ്ങളുടെ സന്ദേശം ഉൾക്കൊണ്ട് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയും മതനിരപേക്ഷതയും ഐക്യവും കാത്തു സൂക്ഷിക്കുവാൻ പോരാട്ടങ്ങൾ വിപുല പ്പെടുത്തുകയാണ് നമ്മുടെ കടമ.

വലതുപക്ഷ നയത്തിന്റെ ഇരകളാണ് നമ്മുടെ രാജ്യവും ജനങ്ങളും. 2017-18 ലെ തൊഴിലില്ലായ്മ നിരക്ക് 6.1%. ഇന്ത്യാ പാക്കിസ്ഥാൻ യുദ്ധസാഹചര്യവുമായി ബന്ധപ്പെട്ട് 1970 കളുടെ ആദ്യപകുതി യിലുണ്ടായ സാമ്പത്തിക തകർച്ചയെയും തൊഴിലില്ലായ്മയെയും ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള വർദ്ധനയാണിതെന്നാണ് ഈ രംഗത്തെ വിദഗ്ദ്ധർ പറയുന്നത്. 30 വയസ്സിൽ താഴെയുള്ള യുവാക്കളിൽ തൊഴിലില്ലായ്മ നിരക്ക് 19.25% ആണ്.

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലായെന്ന് മാത്രമല്ല, പരമ്പരാഗത തൊഴിൽ മേഖലയിൽ കടുത്ത മാന്ദ്യം നിലനിൽക്കുന്നു. വ്യവസായ- വാണിജ്യ മേഖലയിലെ അടച്ചുപൂട്ടലും തൊഴിലാളികളുടെ എണ്ണം കുറയ്ക്കലും ലക്ഷക്കണക്കിനാളുകളെ തൊഴിൽരഹിതരാക്കുന്നു. ചില്ലറ വിൽപ്പന മേഖലയിലെ കുത്തകവത്ക്കരണം, ചെറുകിട കച്ചവടക്കാരെ വഴിയാധാരമാക്കുന്നു. ഉല്പന്നങ്ങളുടെ വിലയിടിവ് കർഷകമേഖലയെ കടക്കെണിയിലും കണ്ണീരിലും ആഴ്ത്തുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം അവസാന പാദത്തിലെ ജി.ഡി.പി. വളർച്ചാ നിരക്ക് 5.8% ത്തിലേയ്ക്ക് മൂക്കുകുത്തി. കഴിഞ്ഞ 5 വർഷത്തെ ഏറ്റവും വലിയ തകർച്ചയാണിത്.

അടുത്ത പാദം മുതൽ വളർച്ചയുണ്ടാകുമെന്ന സർക്കാരിന്റെ വാദം പൊള്ളയാണ്. ആഗോള വ്യാപാരയുദ്ധം ആ പ്രതീക്ഷയ്ക്ക് മങ്ങലേൽപ്പിയ്ക്കും. ആഗോളവത്ക്കരണത്തിന്റെ നേതാവായ അമേരിക്കയാണ് ഇറക്കുമതിചുങ്കം വർദ്ധിപ്പിച്ച് വ്യാപാരയുദ്ധത്തിന് തുടക്കംകുറിച്ചത്. ചൈനയും അതേ നാണയത്തിൽ തിരിച്ചടിച്ചു. ബ്രെക്സിറ്റ് പ്രശ്നം യൂറോപ്യൻ യൂണിയനിലും പ്രതിസന്ധി രൂക്ഷമാക്കി യിരിക്കുകയാണ്. ഇന്ത്യയ്ക്ക് നൽകിയ വ്യാപാര മുൻഗണനാപദവി അമേരിക്ക റദ്ദാക്കിയത് ഇരുട്ടടി യാകും.ഇറാക്കിനും അഫ്ഗാനിസ്ഥാനും ശേഷം ഇറാനിലും വെനിസ്വലയിലും കടന്നു കയറാനുള്ള അമേരിക്കൻ നീക്കം എണ്ണവ്യാപാരത്തെയും ലോകസമാധാനത്തെയും ബാധിക്കും.

രാജ്യത്തുരുണ്ടു കൂടുന്ന പ്രതിസന്ധിയെ തൊഴിലാളികളുടെയും പാവങ്ങളുടെയും ചെലവിൽ പരിഹരിക്കുന്നതിനായിരിക്കും സർക്കാർ ശ്രമം. നീതി ആയോഗിന്റെ വൈസ്ചെയർമാൻ യാതൊരു മറയുമില്ലാതെ തുറന്നു പറഞ്ഞത് വിദേശമൂലധനത്തിന് സന്തോഷിക്കാൻ വകയുണ്ടെന്നാണ്. രാജ്യ ത്തിന്റെ ബാങ്കും പൊതുമേഖലയും മാത്രമല്ല മണ്ണും വായുവും വിദേശികൾക്ക് പണയം വയ്ക്കുന്ന നടപടികൾക്ക് ത്വരിതഗതി ഉണ്ടാകുമെന്ന് സാരം.

കരിയും കരിമരുന്നും ഉത്സവാഘോഷത്തിന് വേണ്ടെന്ന് പറഞ്ഞ ശ്രീനാരായണഗുരു പുറത്താവുക യും "കുഞ്ചുനായർ" എന്ന പൂച്ചയും തെച്ചിക്കോട്ട്കാവ് രാമചന്ദ്രനും അരങ്ങ്വാഴുകയും ചെയ്യുന്നതിലെ അപകടം വലുതാണ്. മരുന്നിന് പകരം മന്ത്രവാദവും വാക്സിനേഷിനെതിരെ പ്രതിഷേധവും ജപ്തി നോട്ടീസ് പൂജിച്ചാൽ കടം മാറുമെന്ന വിശ്വാസവും സുവിശേഷ മാഗസിന്റെ പേപ്പർ തിന്നാൽ രോഗം മാറുമെന്ന പ്രചരണവും കേരളത്തെ പുറകോട്ട് നടത്തുകയാണ്. രാജ്യത്തിന്റെ ഭരണഘടനയും നിയമസംവിധാനവുമല്ല ആൾക്കൂട്ടമാണ് വിധി നിർണ്ണയിക്കേണ്ടതെന്ന ബോധവും അപകടകരമാണ്. ആധുനികവും ശാസ്ത്രീയവുമായ ജീവിതവീക്ഷണവും മൂല്യവും ഉറച്ചിട്ടില്ലാത്ത ഒരു സമൂഹത്തിൽ ദുരാചാരങ്ങൾക്ക് എതിരായ തത്വാധിഷ്ഠിത സമീപനങ്ങളോട് ശരാശരി ജനതയ്ക്ക് പെട്ടെന്ന് പൊരുത്തപ്പെടാനാകാതെ വരുന്നത് സ്വാഭാവികമാണ്. ശബരിമല സ്ത്രീപ്രവേശന വിഷയത്തിൽ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ വ്രണിതവികാരത്തെ ദുരുപയോഗം ചെയ്ത് കേരളത്തെ നൂറ് കൊല്ലം പിന്നോട്ട് നടത്താനാണ് കോൺഗ്രസ്സും ബി.ജെ.പി.യും പരിശ്രമിച്ചത്. ഇത്തരം ബോധങ്ങളോട് സന്ധിചെയ്തല്ല, കലഹിച്ചു തന്നെയാണ് കേരളം മുന്നോട്ട് പോകേണ്ടത്. "നാല് വോട്ടല്ല കേരളമാണ് മുഖ്യം" എന്ന കേരളാ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഇത്തരുണത്തിൽ ആശാവഹ മാണ്.

നമ്മുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ നമുക്ക് പോരാടാം. പൊതുമേഖലകളെ സംരക്ഷി ക്കാൻ നമുക്ക് പോരാടാം. ഭരണഘടനയെ നമുക്ക് നെഞ്ചോട് ചേർക്കാം. വെറുപ്പിന്റെ പ്രത്യയ ശാസ്ത്രവും മതാന്ധതയും അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കുന്നവർക്കെതിരെ നമുക്ക് നിലയുറപ്പിക്കാം. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ലിബറൽ ഇന്ത്യയ്ക്കായി നമുക്ക് പോരാടാം. ഇരുൾ മാറിയേ തീരൂ. അത് മാറുമെന്ന് ഉറച്ച് വിശ്വസിക്കാം. ഇരുൾ മാറ്റേണ്ടത് നമ്മൾ തന്നെയാണെന്ന് തിരിച്ചറിയുക. സഖാക്കളെ നാം മുന്നോട്ട്.

അഭിവാദനങ്ങളോടെ,

കൊല്ലം
11-06-2019.

**എസ്.മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
(മൊബൈൽ : 9446538432)

*GVP Blpm/2400516*